(ബി) അതിനുമുമ്പ് മുത്തങ്ങയിലെത്തിയ രാഷ്ട്രീയ പ്രവർത്തകർ, ജേർണലിസ്റ്റുകൾ, സാമൂഹ്യപ്രവർത്തകർ എന്നിവരോട് ഇത്തരം ആരോപണത്തെപ്പറ്റി മുത്തങ്ങയിലെ ആദിവാസി വനിതകൾ സൂചിപ്പിച്ചിരുന്നുവോ ;

(സി) ഈ ആരോപണമുണ്ടാകുന്നതിനുമുമ്പ് മുത്തങ്ങ സന്ദർശിച്ച ടോർച്ചർ പ്രിവൻഷൻ സെന്റർ ഭാരവാഹികൾ, ജേർണലിസ്റ്റ് ലീലാമേനോൻ, ഡോക്ടർ ലളിത, ഡോക്ടർ ബാലചന്ദ്രമേനോൻ എന്നിവരോട് ആദിവാസി വനിതകളെ പോലീസ് പീഡിപ്പിച്ചതായി അവർ പറഞ്ഞിട്ടുണ്ടോ ;

(ഡി) മുത്തങ്ങ സംഭവം കഴിഞ്ഞ് വളരെ ദിവസം പിന്നിട്ടശേഷം ഇത്തരം ആരോപണത്തെപ്പറ്റി സൂചിപ്പിച്ച് ആദിവാസികളെ മാനംകെടുത്തിയത് അവരോടുള്ള ഒരു ക്രൂരതയായി ഗവൺമെന്റ് കരുതുന്നുണ്ടോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മാധ്യമരംഗത്ത് ദളിതരുടെ സാന്നിദ്ധ്യം ഉറപ്പാക്കാൻ നടപടി

154 (1046) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാധ്യമരംഗത്ത് ദളിതരുടെ സാന്നിദ്ധ്യം ഉറപ്പാക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഈ പദ്ധതി എന്ന് പ്രാവർത്തികമാക്കുമെന്ന് അറിയിക്കാമോ ;

ഉത്തരം

(എ-സി) മാധ്യമരംഗത്ത് ദളിതരുടെ സാന്നിദ്ധ്യം ഉറപ്പാക്കാനുള്ള ഒരു പദ്ധതി ഈ വർഷം തന്നെ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. മാധ്യമങ്ങളിൽ ഈ വിഭാഗക്കാർക്ക് കാര്യമായ പ്രാതിനിധ്യമില്ലാത്ത സാഹചര്യത്തിൽ തെരഞ്ഞെടുത്ത ഏതാനും വിദ്യാർത്ഥികളെ ജേർണലിസം/കമ്മ്യൂണിക്കേഷൻ വിഷയങ്ങളിൽ അംഗീകൃത സ്ഥാപനങ്ങളിൽ ചേർത്ത് സർക്കാർ ചെലവിൽ പഠിപ്പിക്കുകയും ഈ മേഖലയിൽ അവരെ പ്രാവിണ്യർ ആക്കുവാനുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ വിശദാംശങ്ങൾ സർക്കാർ പരിഗണിച്ച് വരുന്നതേയുള്ളൂ. കൂടാതെ പട്ടികസമുദായ ക്ഷേമ സംബന്ധമായ വിഷയങ്ങൾ ഏറ്റവും ഫലപ്രദമായ രീതിയിൽ കൈകാര്യം ചെയ്യുന്ന മാധ്യമപ്രവർത്തകന് അവാർഡ് ഏർപ്പെടുത്തുവാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന 'പടവുകൾ' എന്ന മാസികയിൽ ദളിത് വിഭാഗക്കാരുടെ രചനകൾക്ക് മുൻഗണന നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly